# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## സർക്കുലർ

**നമ്പർ : 17/2015/സം.തി.ക.** **തീയതി : 28.10.2015**

**വിഷയം:– വോട്ടെടുപ്പിൽ ആൾമാറാട്ടം തടയുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്.**

1995-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലേയും 1995 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലേയും 31(2)-ാം ചട്ടപ്രകാരം, പോളിംഗ് സ്റ്റേഷനിലേക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ഓഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയ പോളിംഗ് ഓഫീസറുടേയോ മുമ്പാകെ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ അല്ലെങ്കിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച മറ്റേതെങ്കിലും തിരിച്ചറിയൽ രേഖയോ അല്ലെങ്കിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർസ്ലിപ്പോ ഹാജരാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2015 നവംബർ 2, 5 തീയതികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ, പ്രിസൈഡിംഗ് ഓഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ ചുവടെ ചേർക്കുന്ന രേഖകളിൽ ഏതെങ്കിലുമൊന്ന് ഹാജരാക്കുന്നതിന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
2. പാസ്പോർട്ട്
3. ഡ്രൈവിംഗ് ലൈസൻസ്
4. പാൻ കാർഡ്
5. ആധാർ കാർഡ്
6. ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി. ബുക്ക്
7. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറു മാസം മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്.
8. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുളള തിരിച്ചറിയൽ കാർഡ്

ഒരു പ്രത്യേക സമ്മതിദായകനാണെന്ന് അവകാശപ്പെടുന്ന ആളിന്റെ നിജസ്ഥിതിയെപ്പറ്റി ഏതെങ്കിലും പോളിംഗ് ഏജന്റ് നിശ്ചിത ഫീസ് അടച്ച് തർക്കം ഉന്നയിക്കുന്ന സംഗതിയിൽ, പ്രിസൈഡിംഗ് ഓഫീസർ തർക്കം സംബന്ധിച്ച് 32-ാം ചട്ടപ്രകാരമുള്ള അന്വേഷണം നടത്തേണ്ടതും അന്വേഷണത്തിനു ശേഷം തർക്കം തെളിയിക്കപ്പെട്ടതായി അദ്ദേഹം കരുതുന്ന പക്ഷം തർക്കത്തിനു വിധേയനായ ആളെ വോട്ടു ചെയ്യുന്നതിൽ നിന്നു തടയേണ്ടതും ഇന്ത്യൻ ശിക്ഷാ നിയ

.....2/-

മത്തിലെ (IPC) 171 എ വകുപ്പ് (ആൾമാറാട്ടം) പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനായി അയാളെ അറസ്റ്റ് ചെയ്യുവാൻ പോലീസ് ഉദ്യോഗസ്ഥന് നിർദ്ദേശം നൽകേണ്ടതുമാണ്.

പോളിംഗ് സ്റ്റേഷനിൽ ആൾമാറാട്ടം നടത്തുന്നതിനുള്ള ശ്രമം ഉണ്ടാകുന്ന സംഗതിയിൽ യാതൊരു കാരണവശാലും ബന്ധപ്പെട്ട പ്രിസൈഡിംഗ് ഓഫീസർ 32-ാം ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ വീഴ്ച വരുത്താൻ പാടുള്ളതല്ല.

**പി. ഗീത**
സെക്രട്ടറി

പകർപ്പ് ഃ-

എല്ലാ ജില്ലാ കളക്ടർമാർക്കും
(എല്ലാ പ്രിസൈഡിംഗ് ഓഫീസർമാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്)
എല്ലാ നോഡൽ ഓഫീസർമാർ
പബ്ലിക്ക് റിലേഷൻസ് ഓഫീസർ
ലാ ഓഫീസർ
സീനിയർ ഫിനാൻസ് മാനേജർ
കമ്പ്യൂട്ടർ പ്രോഗ്രാമർ
എല്ലാ സെക്ഷൻ ഓഫീസർമാർ / അസിസ്റ്റന്റുമാർ
കമ്മീഷണറുടെ സി.എ.
സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം
**ഒപ്പ്**

സെക്ഷൻ ഓഫീസർ